ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ)*:

(എ) കെ. എസ്. ആർ. ടി. സി.-യുടെ സെൻട്രൽ വർക്സ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് 12.50 ഏക്കർ ഭൂമി ശ്രീചിത്തിര തിരുനാൾ എൻജിനീയറിംഗ് കോളേജിന് 99 വർഷത്തേക്ക് പാട്ടത്തിന് സർക്കാർ ഉത്തരവ് നം. 23138/എ1/97 ട്രാൻ. തീയതി 12-1-1998 പ്രകാരം കൊടുത്തിട്ടുണ്ട്.

(ബി) നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

ദീൻദയാൽ കൈത്തറി പ്രോത്സാഹന പദ്ധതി

*22 [99] *ശ്രീ. വി. ജെ. പൗലോസ്:*
" *സി. പി. മുഹമ്മദ്:*
" *ബി. വിജയകുമാർ:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീൻദയാൽ കൈത്തറി പ്രോത്സാഹന പദ്ധതി പ്രകാരം സംസ്ഥാനത്ത് എത്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നത്;

(ബി) ഈ പദ്ധതികൾ പൂർത്തിയാക്കുമ്പോൾ കൈത്തറി വ്യവസായത്തിന് സ്വന്തംകാലിൽ നിൽക്കുവാനുള്ള കഴിവുണ്ടാകുമോയെന്ന് വ്യക്തമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*:

(എ) സംസ്ഥാനത്തെ 270 സഹകരണ സംഘങ്ങളിലും 25 വനിതാ സമാജങ്ങളിലുമായി നടപ്പാക്കിവരുന്ന ദീൻദയാൽ കൈത്തറി പ്രോത്സാഹന പദ്ധതിയിൽ കൈത്തറി സംഘങ്ങളെ 40 കൺസോർഷ്യങ്ങളായി ഗ്രൂപ്പ് ചെയ്താണ് പദ്ധതി നടപ്പിലാക്കുന്നത്. തറികളുടെ നവീകരണം എൻ. ഐ. ഡി., എൻ. ഐ. എഫ്. റ്റി., ഐ. ഐ. എച്ച്. റ്റി., വീവേഴ്സ് സർവ്വീസ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ നവീന ഉൽപ്പന്നങ്ങൾക്ക് രൂപകൽപ്പന നൽകുക, ഡൈയിംഗ്, വാർപ്പിംഗ്, സൈസിംഗ് സൗകര്യങ്ങൾ സജ്ജമാക്കുക. പ്രവർത്തന മൂലധനത്തിനുള്ള മാർജിൻമണി ലഭ്യമാക്കുക, ഉൽപ്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ട പരസ്യപ്രചരണങ്ങൾക്ക് ധനസഹായം നൽകുക തുടങ്ങിയ കാര്യങ്ങളാണ് ദീൻദയാൽ കൈത്തറി പ്രോത്സാഹന പദ്ധതിപ്രകാരം സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

(ബി) ഈ പദ്ധതി പൂർത്തിയാകുമ്പോൾ കൈത്തറി വ്യവസായത്തിന് സംസ്ഥാനത്ത് ഒരു പരിധിവരെ സ്വയം പര്യാപ്തത കൈവരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം പരിഹരിക്കാൻ നടപടി

*23 [100] *ശ്രീ. ജോണി നെല്ലൂർ:*
„ *ഷിബു ബേബി ജോൺ:*
„ *കെ. ബി. ഗണേഷ് കുമാർ:*
„ *ടി. എം. ജേക്കബ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ലാഭത്തിലാണോ നഷ്ടത്തിലാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിലാണ് പ്രവർത്തിക്കുന്നതെങ്കിൽ ഇതിന്റെ കാരണങ്ങൾ പഠന വിധേയമാക്കിയിട്ടുണ്ടോ;

(സി) ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഡീസൽ വില ഉയർന്ന സാഹചര്യത്തിൽ യാത്രക്കൂലി വർദ്ധിപ്പിച്ചു കൊണ്ട് നഷ്ടം ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഗതാഗത വകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) കെ. എസ്. ആർ. ടി. സി. ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) നഷ്ടത്തിലോടുന്ന ഷെഡ്യൂളുകൾ ലാഭകരവും ജനങ്ങൾക്ക് ഉപകാര പ്രദവുമായ രീതിയിൽ സമയവും, റൂട്ടുകളും പുനഃക്രമീകരിച്ച് ഓടിക്കുന്നതിന് നടപടികൾ എടുത്തുവരുന്നു. വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനും ചെലവ് കുറയ്ക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ഇതു സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

സാധുജന സംരക്ഷണ പദ്ധതി

*24 [101] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യക്ഷേമ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 'സാധുജന സംരക്ഷണ പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതിയുടെ ഉപഭോക്താക്കളെ നിശ്ചയിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly